# 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

(നിയമസഭ 2025 ഒക്ടോബർ 9-ാം തീയതി പാസ്സാക്കിയ പ്രകാരമുള്ളത്)

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2015-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2025 ആഗസ്റ്റ് 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (viii)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 3എ, 3ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"3എ. ആക്റ്റ് പ്രകാരം അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ ഏതെങ്കിലും

കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്, ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിലെ (2015-ലെ 18) വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെട്ട ജീവനക്കാരെ, വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേൽ സർവ്വകലാശാലകളിൽ നിയമിക്കാവുന്നതാണ്.

3 ബി. ഒഴിവാക്കൽ.—ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാലയെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്റെ (2015-ലെ 18) പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത സർവ്വകലാശാലയെ പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തീയതി വരെ പ്രസ്തുത ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് (2025-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---